# ST. JOHN THE BAPTIST 'S HSS
# NEDUMKUNNAM

ST. JOHN THE BAPTIST H.S.S
NEDUMKUNNAM
WISDOM PURITY SERVICE




# സ്പന്ദനം



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# എഡിറ്റോറിയൽ

സാങ്കേതിക വിദ്യ വളരുന്നതോടൊപ്പം കുട്ടികളുടെ മികവും വർദ്ധിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായി മാറിയിരിക്കുന്നു. ഹൈടെക് സൗകര്യങ്ങൾക്കനുസ്രുതമായി കുട്ടികൾക്ക് ഐ.ടി മേഖലയിൽ പ്രാവീണ്യം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ കുട്ടികൾ തന്നെ തയാറാക്കി പ്രസിദ്ധീകരിക്കുന്നത് ഏറ്റവും പ്രശംസയർഹിക്കുന്ന ഒരു കാര്യമാണ്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് എല്ലാ ഭാവകങ്ങളും നേരുന്നു.

## താളുകൾ മറിക്കുമ്പോൾ

1.അഞ്ച് വിരലുകൾ ..........................കവിത.....................................4
2.ചിത്രഭംഗി ...................................കഥ........................................5
3.നാട്യഭംഗി ...................................ചിത്രരചന...............................6
4.എന്റെ കേരളം ...............................കവിത.................................7
5.School Life ................................ഓർമക്കുറിപ്പ്..........................8
6.വരയുടെ ലോകം ...........................ചിത്രരചന.............................9
7.ഓർമകൾ ....................................കവിത.................................10
8.സത്യസന്ധത ..............................ജീവിതാനുഭവം......................11

# 5 വിരലുകൾ



ഒരിക്കൽ ഒരു കൈയിലെ 5 വിരലുകൾ തമ്മിൽ തർക്കിച്ചു. അവരിൽ ആരാണ് പ്രധാനി എന്നായിരുന്നു തർക്കം. തള്ളവിരൽ പറഞ്ഞു "എന്തും എടുക്കാനും എഴുതാനും ഞാൻ വേണം". ചൂണ്ടുവിരൽ വാദിച്ചു"എന്തിനെയും ചൂണ്ടി ക്കാണിക്കാനും 'ഒന്നാമത്'എന്നു സൂചിപ്പിക്കാനും ഞാൻ വേണം".നടുവിരൽ പറഞ്ഞു "നീളത്തിൽ ഞാനാണ് ഒന്നാമൻ-ജന്മനാ നേതാവ്".



അണിവിരൽ അവകാശപ്പെട്ടു "വിവാഹമോതിരം അണിയുന്നത് ഞാൻ ആണ്. കുടുംബത്തിന്റെ കിരീടവും സ്നേഹത്തിന്റെ പ്രതീകവും ആണ് മോതിരം". ചെറുവിരൽ പറഞ്ഞു "ഏറ്റവും കൂടുതൽ ഓമനത്തം എനിക്കാണ്. കൈ തൊഴുന്നപ്പോൾ ഞാനാണ് മുൻപിൽ നിൽക്കുന്ന നേതാവ് ".അവസാനം കൈയുടെ ഉടമസ്ഥൻ പറഞ്ഞു "നിങ്ങൾ എല്ലാവരും എനിക്ക് ഒരുപോലെ പ്രധാനവും പ്രിയങ്കരവും ആണ്.ഒറ്റയ്ക്ക് നിന്നാൽ നിങ്ങൾ നിസ്സഹായരാണ്. എന്നാൽ, ഒത്തുശ്രമിച്ചാൽ നിങ്ങൾക്ക് എന്തും ചെയ്യാൻ സാധിക്കും".


# <u>ചിത്ര ഭംഗി</u>




ഒരു പാലക്കാടൻ പ്രദേശത്താണ് ദിവാകരന്റെ താമസം. വലിയ ചിത്രകാരനാണെന്നുള്ള ഭാവമാണ് ദിവാകരന്. ഒരു ദിവസം ദിവാകരൻ ഒരു വാർത്തകേട്ടു മനോഹരമായി ചിത്രം വരക്കുന്ന ഒരു കലാകാരൻ തന്റെ സ്കൂളിൽ പുതുതായി ചേർന്നു എന്ന് ദിവാകരൻ അറിഞ്ഞു. ദിവാകരൻ വേഗം അയാളെ പോയി കണ്ടു എന്നിട്ടു പറഞ്ഞു "ഹും നാളെ ഞാനൊരു ചിത്രം വരക്കും ആ ചിത്രത്തെ നിന്റെ ചിത്രത്തിന് തോൽപിക്കാൻ കഴിയുമോ?" ആരുടേതാണ് നല്ലതെന്ന് എല്ലാവരും പറയട്ടെ. അവൻ സമ്മതിച്ചു പിറ്റേന്ന് അവൻ ചിത്രം പൂർത്തീകരിച്ചിട്ട് ഓഫീസിനടുത്തു പ്രദർശിപ്പിച്ചു. രണ്ടും ഒന്നിനൊന്നു മെച്ചം. ഏതാണ് നല്ലത് എന്ന് പറയാൻ പോലും കഴിയില്ല. അത്ര സുന്ദരം. ദിവാകരൻ വരച്ചത് ഒരു ഗോതന്പ് പാടം ആയിരുന്നു. അത് കണ്ടിട്ട് ശരിക്കുള്ള പാടം ആണെന്ന് തെറ്റിദ്ധരിച്ച് കിളികൾ വന്ന് ചിത്രത്തിൽ കൊത്താൻ തുടങ്ങി. അവൻ വരച്ച ചിത്രത്തിലാകട്ടെ ഒരു കിളി പോലും വന്നില്ല. ദിവാകരൻ ചിരിച്ചോണ്ട് പറഞ്ഞു" കണ്ടില്ലേ ഇവന്റെ ചിത്രത്തിൽ ഒരു കിളി പോയിട്ട് ഒരീച്ചപോലും വന്നില്ലല്ലോ;ഹ......ഹ". അതു കേട്ടിട്ട് ആ കുട്ടി ദിവാകരനോട് പറഞ്ഞു. ഞാൻ വരച്ചത് ഒരു മരത്തിൽ നിറയെ പഴങ്ങൾ ആണ്. ആ മരത്തിൽ ഒരു പൊത്തുണ്ട്. അതിൽ പാന്പുണ്ട്. അതിന്റെ വാല് കാണുന്നുണ്ട്. അതു കൊണ്ടാണ് കിളികൾ മരത്തിലേക്ക് വരാത്തത്. ദിവാകരൻ അതുകേട്ട് തല താഴ്ത്തി. "ദിവാകരാ നീ എല്ലാവരെയും ഒരു പോലെ കാണൂ അപ്പോ നിനക്ക് നിനക്കു പറ്റിയ തെറ്റ് മനസ്സിലാകും." പിന്നെ അവർ തമ്മിൽ വലിയ കൂട്ടായ്.

അത്യാഗ്രഹം ആപത്ത്

by
majesh mathew XA



JAISAL SHIBU
X C

# <u>എന്റെ കേരളം</u>

വെള്ളിക്കരയിട്ട മരതക പട്ടുചുറ്റി
മണ്ണിൽ മകുടമായി വിളങ്ങും
ലാവണ്യവതി മനശ്ശാന്തിതരും
മമ ജൻമ നാടേ മനോഹരി....

കളമൊഴുകി സ്നിഗ്ദ
മടിത്തട്ടു കാണുമാറഴകാർന്ന-
രുവികളുമതിരിൽ മേഘ മേലാപ്പു-
തൊട്ടുമുത്തുംഗ മേരുക്കളും

പച്ചപ്പട്ടുപാവാടയിൽ മിന്നും
വെള്ളിനൂലിഴപോലെസംഖ്യം
ശീതളമാമലഞ്ഞൊറിയിളകും
കോമളനദിപളുമിറൻ തടങ്ങളും

മഞ്ഞുപൊഴിയും വസന്തത്തിൽ
വിരിയുമായിരം പൂവാടികൾ
കുളിർത്തെന്നലായാഞ്ഞുവിശും
ഉഷ്ണകാലത്തും നീല ജലാശയങ്ങൾ

നന്ദു.കെ



# School Life The Golden Period of A child's Life


As a child we always wanted to grow up fast." but now we realise that in complete homework and broken toys were far better than unfulfilled dreams and the world outside. As a child grows so do his tension and responsibilities.

We always wanted to grow up fast like our parent so that no one can scold us for instruct us to do anything. In school life there are tensions of studies,rather,i would suggest that if we take up studies as daily routine like bathing,eating etc....then we would feel relieved of this tension .In school we have teachers to support us and they care for us and love us like mothers and expect us to be disciplined so that we are on the right path of a bright future .We enjoy a lot under the motherly warmth of our teachers at school.

When at school ,we feel that we are bound by many rulers and regulations and once we will reach college we will be a free bird. But now we are indeed in a false motion. At college we maybe misguided and go a stray without the supervision of teachers. In college you are the best judge of good bad. That's why we called freedom is a mirage because responsibility of your actions lies on you. There is no one to guide you, to led you on..... However, it is the school life which gives us the real freedom-the freedom to live in a cocoon of care, concern and commitment of teachers.

Aaron Joseph
X D






Jithin Jino George
VIII C

# ഓർമകൾ

സുജിത്ത്.എസ്



ഒഴുകിയകലുന്നു നാം പ്രണയശൂന്യം
ജലമുറഞ്ഞൊരു ദീർഘശിലപോലെ നീ
വറ്റി വരുതിയായ്  ജീർണമായ് മൃതമായി ഞാൻ
ഓർമിക്കുവാൻ ഞാൻ നിനക്കെന്തു നൽകണം?
ഓർമിക്കണം എന്ന വാക്കുമാത്രം.
നാളെ പ്രതീക്ഷതൻ കുങ്കുമപ്പൂവായി
നാം കടംകൊള്ളുന്നതിത്രമാത്രം.

രണ്ടാകേ, നാം രണ്ടു നിഴലുകൾ
ഇരുളിൽ നാം രൂപങ്ങളില്ലാക്കിനാവുകൾ
പകലിന്റെ നിറമാണു നമ്മളിൽ
നിനവും നിരാശയും.
കണ്ടുമുട്ടുന്നു നാം വീണ്ടുമീസന്ധ്യയിൽ
വർണങ്ങൾ വറ്റുന്ന കണ്ണുമായി
നിറയുന്നു നീ എന്നിൽ
നിന്റെ കൺമുനകളിൽ-
നിറയുന്ന കണ്ണുനീർത്തുള്ളിപോലെ.
ഭ്രമമാണു പ്രണയം വെറും ഭ്രമം-
വാക്കിന്റെ വിരുതിനാൽ തീർക്കുന്ന സ്ഫടികസന്ദർഭം.

എപ്പോഴോതട്ടിത്തകർന്നു വീഴുന്നു നാം
നഷ്ടങ്ങളറിയാതെ നഷ്ടപ്പെടുന്നു നാം.

# സത്യസന്ധത

ക്രിസ്റ്റോ.വി.തോമസ്

മോഹൻദാസിന്റെ ഹൈസ്കൂൾ വിദ്യാഭാസ കാലം സ്കൂൾ പരിക്ഷയ്ക്കായി അന്നത്തെ ഇൻസ്പെക്ടറായ മിസ്റ്റർ ഗയിൽസ് വിദ്യാലയത്തിലെത്തി. ഓരോ ക്ലാസുകളായി പരിശോധിച്ച വന്ന അദ്ദേഹം മോഹൻദാസിന്റെ ക്ലാസിലുമെത്തി ഇംഗ്ലീഷിലെ അജ്ഞ് വാക്കുകൾ കേട്ടെഴുത്തു നൽകിയാണ് അദ്ദേഹം ആ പരിക്ഷ നടത്തിയത്. അക്ഷരപിഷക വരുത്തുന്നവരെ കണ്ടു പിടിക്കാനുള്ള ഒരു പരിക്ഷ. മിസ്റ്റർ ഗയിൽസ് നൽകിയ അന്ച്ച വാക്കുകളിൽ "KETTLE" എന്ന വാക്കുണ്ടായിരുന്നു.പ്രസ്തുത വാക്കിലെ ശരിയായ അക്ഷരങ്ങൾ അറിയാതിരുന്ന മോഹൻദാസ് ആ വാക്ക് തെറ്റിച്ചാണ് എഴുതിയിരുന്നത്. ശ്രദ്ധിച്ച നടന്ന ക്ലാസ് മാസ്റ്റർ മോഹൻദാസ് KETTLE എന്ന വാക്ക് തെറ്റി എഴുതിയതു കണ്ടു തന്റെ തിരുത്തുവാനുള്ള നിർദേശം ഇൻസ്പെക്ടർ അറിയാതെ കൊടുത്തുകൊണ്ടിരുന്നു മോഹൻദാസ് അത് ശ്രദ്ധിച്ചു. എങ്കിലും തെറ്റ് തിരുത്തുകയുണ്ടായില്ല. താൻ കൊടുത്ത നിർദേശം മോഹൻദാസിനു മനസ്സിലാവാത്തതുകൊണ്ടാവണം തെറ്റ് തിരുത്താതിരുന്നതെന്നു കരുതി മാസ്റ്റർ മോഹൻദാസിൻെ ശ്രദ്ധ അവന്റെ അടുത്തുള്ള കുട്ടിയുടെ സ്ലേറ്റിൽ നിന്നും കോപ്പിയടിക്കുവാൻ മാസ്റ്റർ കഴിയുന്നത്ര രഹസ്യമായി മോഹൻദാസിനെ പ്രേരിപ്പിച്ചുനോക്കി. പക്ഷേ യാതൊരു ഫലവുമുണ്ടായില്ല. താൻ എഴുതിയ വാക്ക് തെറ്റാണെന്ന് പൂർണമായി അറിയാവുന്ന മോഹൻദാസ് മാസ്റ്ററുടെ നിർദ്ദേശമുണ്ടായിട്ടു പോലും കോപ്പിയടിക്കുവാൻ തയാറായില്ല. അതിന്റെ ഫലമോ മറ്റുള്ള കുട്ടുകളുടെ അന്ച്ച വാക്കുകളും ശരിയായപ്പോൾ മോഹൻദാസിന് നാല് വാക്കുകൾ മാത്രം ശരി. അദ്ധ്യാപകൻ നിർബന്ധിച്ചിട്ടുപോലും കോപ്പിയടിക്കാതിരുന്ന ആ മോഹൻദാസാണ് പിൽപാലത്ത് നമ്മുടെ രാഷ്ട്രപിതാവായിതിർന്ന മഹാത്മാഗാന്ധി. ഈ സംഭവത്തെക്കുറിച്ച് അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. എന്റെ വിഡ്ഢിത്തം എന്നെ ധരിപ്പിക്കുവാൻ അധ്യാപകൻ വളരെ ശ്രമിച്ചു. പക്ഷേ ഫലമുണ്ടായില്ല. കോപ്പിയടിക്കുന്ന കല എനിക്കൊരിക്കലും പഠിക്കാൻ കഴിഞ്ഞില്ല എങ്കിലും ഈ സംഭവം അധ്യാപകന്റെ നേരെ എനിക്കുള്ള ബഹുമാനം ലേശവും കുറച്ചില്ല.

